# പാദവാർഷിക പരീക്ഷ 2011-2012
# ഒൻപതാം ക്ലാസ്സ്
# ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക് നോളജി
# പ്രായോഗിക പരീക്ഷ

**(ഓരോ ചോദ്യത്തിനും 4 സ്കോർ വീതം)**

## നിറപ്പകിട്ടാർന്ന ലോകം

1. എൻഡോസൾഫാൻ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ,സാമൂഹ്യപ്രശ്നങ്ങൾ ഇവയെ പ്രതിപാദിക്കുന്ന ഒരു കൊളാഷ് ജിമ്പിൽ തയ്യാറാക്കുക.

2. "**നേത്രദാനം മഹാദാനം** " എന്ന ടെക്സ്റ്റ് ഉൾപ്പെടുത്തി ലോഗോ നിർമിക്കുക. അനുയോജ്യമായ ചിത്രവും പശ്ചാത്തല നിറവും നൽകുക. Transform tools ഉപയോഗിച്ച് കൊളാഷ് ആകർഷകമാക്കി നിർമിക്കുക.

3. हिनदी दिवस समारोह"എന്ന ടെക്സ്റ്റ് ഉൾപ്പെടുത്തി ലോഗോ നിർമിക്കുക. അനുയോജ്യമായ ചിത്രവും പശ്ചാത്തല നിറവും നൽകുക. Transform tools ഉപയോഗിച്ച് കൊളാഷ് ആകർഷകമാക്കി നിർമിക്കുക. ചിത്രം .png എന്ന file എക്സ്റ്റൻഷനോടുകൂടി Exam ഫോൾഡറിൽ സേവ് ചെയ്യുക.

4. കേരളത്തിന്റെ ഉത്സവമായ ഓണത്തെക്കുറിച്ച് ഒരു കൊളാഷ് ജിമ്പ് സോഫ്റ്റ്‌വെയറിൽ നിർമ്മിക്കുക .

5. 2011 രസതന്ത്രവർഷം എന്ന വിഷയവുമായി ബന്ധപ്പെട്ട ഒരു കൊളാഷ് നിർമ്മിച്ച് Exam ഫോൾഡറിൽ .xcf, .jpg, .png എന്നീ ഫയൽ ഫോർമാറ്റിൽ സേവ് ചെയ്ത് ഫയൽ വ്യത്യാസം രേഖപ്പെടുത്തുക.

6. നിങ്ങളുടെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ The Son From America എന്ന കഥയെ ആസ്പദമാക്കി ഗ്രാമീണ ജീവിതത്തിന്റെ ഭംഗി വെളിവാക്കുന്ന ഒരു കൊളാഷ് ജിമ്പിൽ തയ്യാറാക്കി, JPEG ഫോർമാറ്റിൽ Exam ഫോൾഡറിൽ സേവ് ചെയ്യുക.

================

## വിവരശേഖരണവും വിശകലനവും

1. താഴെ കാണുന്ന പട്ടിക ഓപ്പൺഓഫീസ് കാല്ക് (Spread Sheet) ജാലകത്തിൽതയ്യാറാക്കുക. ഫിൽറ്റർ സങ്കേതം ഉപയോഗിച്ച് പത്താം ക്ളാസ്സിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ഒരു ഫയലാക്കുക.

| Serial Number | Name | Class | Age | Boy/Girl |
|---|---|---|---|---|
| 1 | Saraga | 9 | 14 | Boy |
| 2 | Rithwik | 10 | 15 | Girl |
| 3 | Saparya | 8 | 13 | Girl |
| 4 | Jithin | 10 | 17 | Boy |
| 5 | Naseema | 8 | 14 | Girl |
| 6 | Neethi | 10 | 15 | Girl |
| 7 | Sajitha | 10 | 18 | Girl |
| 8 | Niyathi | 8 | 14 | Girl |
| 9 | Sajith | 10 | 15 | Boy |
| 10 | Jojith | 10 | 17 | Boy |

2. നിങ്ങളുടെ ക്ലാസിലെ ഏതാനും കുട്ടികളുടെ ചില വിഷയങ്ങളുടെ മാർക്കുകൾ താഴെ കൊടുത്തിരിക്കുന്നു. ഓപ്പൺഓഫീസ് കാൽക് (Spread Sheet) തുറന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടിക ടൈപ്പ് ചെയ്ത് ഓരോ കുട്ടിയുടേയും Total mark കാണുക. ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ Sort ചെയ്യുക.

| Name | Malayalam | English | Total mark |
|---|---|---|---|
| Joseph | 44 | 24 | |
| Ramu | 15 | 40 | |
| Fathima | 23 | 28 | |

3. നിങ്ങളുടെ സ്കൂളിലെ കഴിഞ്ഞ രണ്ടു വർഷത്തെ SSLC വിജയത്തെ കുറിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കുക. ഓരോ വർഷത്തെയും വിജയശതമാനം കാണുക.വിജയശതമാനത്തിന്റെ ഒരു ചാർട്ട് തയ്യാറാക്കുക.

| Year | No. of candidates attended SSLC Exam | No. of Passed Candidates | Percentage |
|---|---|---|---|
| 2010 | 872 | 850 | |
| 2011 | 825 | 800 | |

4.തന്നിരിക്കുന്ന ഡോക്യുമെന്റിന് ഏതെങ്കിലും രണ്ടു സ്റ്റൈലുകൾ നല്കി style എന്ന ഫയൽ നാമം നല്കി നിങ്ങളുടെ ഫോൾഡറിൽ സേവ്ചെയ്യുക. ഇതേ ഫയൽ പി.ഡി.എഫ് ഫോർമാറ്റിലേക്ക് മാറ്റി സേവ് ചെയ്യുക.

5.നൽകിയിരിക്കുന്ന പ്രസന്റേഷനിൽ ഒരു സ്ലൈഡ് ഉൾപ്പെടുത്തി നൽകിയിരിക്കുന്ന വീഡിയോ insert ചെയ്ത് Exam ഫോൾഡറിൽ സേവ് ചെയ്യുക.

====================

## ഗണിതകൗതുകങ്ങൾ

1.സമഭുജത്രികോണം, സമ ചതുരം, സമപഞ്ചഭുജം, സമ ഷഡ്ഭുജം തുടങ്ങിയവ ജിയോജിബ്രയിലെ Regular Polygon ടൂളുപയോഗിച്ച് വരച്ച് Exam ഫോൾഡറിൽ സേവ് ചെയ്യുക. കോണുകൾ അളന്ന് താഴെയുള്ള പട്ടിക പൂരിപ്പിക്കുക.

| സമബഹുഭുജത്തിന്റെ പേര് | വശങ്ങളുടെ എണ്ണം | ഒരു കോണിന്റെ അളവ് |
|---|---|---|
| | | |
| | | |
| | | |
| | | |

2. Images എന്ന ഫോൾഡറിലുള്ള 1.png, 2.png, 3.png, 4.png, 5.png, 6.png തുടങ്ങിയ ചിത്രങ്ങൾ ഉപയോഗിച്ച് ജിയോജിബ്ര സോഫ്റ്റ് വെയറിലെ Slider ടൂളിന്റെ സഹായത്താൽ 1800 മുതൽ 2000 വരെയുള്ള പ്രധാന വർഷങ്ങളിൽ മലയാള ഭാഷയിലുണ്ടായ സംഭവങ്ങളെ ചിത്രസഹിതം പ്രദർശിപ്പിക്കുക.

3. ത്രികോണം, ചതുർഭുജം, പഞ്ചഭുജം, ഷഡ്ഭുജം, തുടങ്ങിയവ ജിയോജിബ്രയിലെ Polygon ടൂളുപയോഗിച്ച് വരയ്ക്കുക. എല്ലാ ബഹുഭുജങ്ങളിലും ഏതെങ്കിലും ഒരു ശീർഷത്തിൽ നിന്നുള്ള വികർണ്ണങ്ങൾ കൂടി വരച്ച് Exam ഫോൾഡറിൽ സേവ് ചയ്യുക. താഴെയുള്ള പട്ടിക Word Processor സോഫ്റ്റ് വെയർ ഉപയോഗിച്ച് പൂർണ്ണമാക്കി സേവ് ചെയ്യുക.

| വശങ്ങളുടെ എണ്ണം | സമബഹുഭുജത്തിന്റെ പേര് | ഒരു ശീർഷത്തിൽ നിന്നുള്ള വികർണ്ണങ്ങളുടെ എണ്ണം |
|---|---|---|
| | | |
| | | |
| | | |
| | | |

4.ഒരു ത്രികോണത്തിലെ ഏതെങ്കിലും ഒരു ശീർഷത്തിൽനിന്ന് ഒരുവശം പുറത്തേക്ക് നീട്ടുമ്പോൾ ഉണ്ടാകുന്ന കോൺ ആണ് ബാഹ്യകോൺ. ഒരു ശീർഷത്തിലെ ബാഹ്യകോൺ മറ്റ് രണ്ട് ശീർഷങ്ങളിലെ ആന്തരകോണുകളുടെ തുകയ്ക്ക് തുല്യമാണെന്ന് ജിയോജിബ്ര ഉപയോഗിച്ച് കാണിക്കുക.

5.ഒരു മട്ടത്രികോണത്തിന്റെ പരിവൃത്ത കേന്ദ്രം അതിന്റെ കർണ്ണത്തിന്റെ മധ്യ ബിന്ദുവിൽ ആയിരിക്കുമെന്ന് ജിയോജിബ്ര ഉപയോഗിച്ച് കാണിക്കുക.

6. ഒരു സമഷഡ്ഭുജം നിർമ്മിക്കുക. ശീർഷങ്ങൾ. ഉൾക്കോണുകൾ എന്നിവ രേഖപ്പെടുത്തി Exam ഫോൾഡറിൽ സേവ് ചെയ്യുക.

=================

## വെബ്ബ് പേജുകളുടെ രഹസ്യം

1. താഴേ പറയുന്ന രീതിയിൽ നിങ്ങളുടെ സ്കൂളിനു വേണ്ടി ഒരു വെബ്പേജ് നിർമ്മിച്ച് Exam ഫോൾഡറിൽ സേവ് ചെയ്യുക.

- ടൈറ്റിൽ ബാറിൽ    I'm proud of my school
- പശ്ചാത്തലനിറം    മഞ്ഞ
- ഫോണ്ട് നിറം  ചുവപ്പ്
- ആദ്യ വരിയിൽ നിങ്ങളുടെ സ്കൂളിന്റെ പേരു ബോൾഡാക്കി ചേർക്കുക .
- രണ്ടാമത്തെ വരിയിൽ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം ഇറ്റാലിക്കിലാക്കി അണ്ടർലൈൻ ചെയ്യുക
- ഏതെങ്കിലും ചിത്രം ഉൾപ്പെടുത്തിയിരിക്കണം

2. താഴെ പറയുന്ന രീതിയിൽ ഒരു വെബ് പേജ് തയാറാക്കി നിങ്ങളുടെ ഫോൾഡറിൽ സേവ് ചെയ്യുക.

- പശ്ചാത്തല നിറം നീല

- ഫോണ്ടിന്റെ നിറം പച്ച
- ടൈറ്റിൽ ബാറിൽ About My School
- നിങ്ങളുടെ സ്കൂളിന്റെ പേരു സ്ക്രോൾ ചെയ്തു കൊണ്ടിരിക്കണം .
- ഇനി താഴെ പറയുന്നവ രണ്ടു വരികളിലായി ടൈപ്പ് ചെയ്യുക.

**I love my school very much.**

**I am proud of my school**

- ഈ രണ്ടു വരികളുടെയും ഫോണ്ട് സൈസ് വ്യത്യസ്തമായിരിക്കണം .
- ഏതെങ്കിലും ചിത്രം ഉൾപ്പെടുത്തിയിരിക്കണം.

3. GANDHIJI എന്ന ഹെഡ്ഡിംഗിനു താഴെ Father of our nation. We salute him എന്ന രണ്ട് വാചകങ്ങൾ രണ്ട് വരികളിലായി തെളിയുന്ന വെബ് പേജ് തയ്യാറാക്കുക. **We salute him** എന്ന വാചകം ചലിച്ചുകൊണ്ടിരിക്കണം.ഗാന്ധിജിയുടെ ചിത്രം ഉൾപ്പെടുത്തിയിരിക്കണം.

4. നിങ്ങളുടെ സ്കൂളിലെ IT Club ന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു വെബ് പേജ് നിർമ്മിക്കുക. അനുയോജ്യമായ പശ്ചാത്തലനിറവും, തലക്കെട്ടിലെ അക്ഷരങ്ങൾക്ക് അനുയോജ്യമായ വലിപ്പവും ചലനവും നൽകുക. ഐ.ടി ക്ലബ്ബിന്റെ ലോഗോ ഉൾപ്പെടുത്തണം.

5. നിങ്ങളുടെ നാട്ടിലെ സാമൂഹിക സേവന സംഘടനകളെ പരിചയപ്പെടുത്തുന്ന ഒരു വെബ് പേജ് നിർമ്മിക്കുക. അനുയോജ്യമായ പശ്ചാത്തലനിറവും ചിത്രങ്ങളും ഉൾപ്പെടുത്തി വെബ് പേജ് മനോഹരമാക്കുക.

6. 65 -ാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് താഴെപ്പറയുന്ന രീതിയിൽ ഒരു വെബ് പേജ് തയ്യാറാക്കുക.

- 65th Independence Day Celebration എന്നത് ശീർഷകമായി വരണം.
- അനുയോജ്യമായ പശ്ചാത്തല നിറം കൊടുക്കണം.
- അക്ഷര വലിപ്പം 20, നിറം നീല ഇവ ഉണ്ടാകണം.
- Images ഫോൾഡറിൽ കൊടുത്തിരിക്കുന്ന India.png എന്ന ചിത്രം ഉൾപ്പെടുത്തണം.

===================